ഉത്തരം

(എ) ടെക്നോ എക്കണോമിക് ക്ലിയറൻസ് ലഭ്യമായിട്ടുണ്ട്. ഫിനാൻഷ്യൽ ക്ലോഷർ ആയിട്ടില്ല.

(ബി) വിശദ വിവരം പ്രസ്തുത കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ ആയിട്ടില്ല.

വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

100 (252) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാമെന്ന് ഐഡിയൽ സർവ്വീസസ് അറിയിച്ചിട്ട് കെ. എസ്. ഇ. ബി. അനുമതി നൽകാതെയിരിക്കാൻ കാരണം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി സംബന്ധിച്ച് ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധി പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ ഇലക്ട്രിസിറ്റി ബോർഡ് അപ്പീൽ നൽകാൻ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതി ഇപ്പോൾ 15 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കി പണികൾ നിർത്തിവച്ച സ്ഥിതിയിൽ നിൽക്കുന്നു.

(ബി) ഐഡിയൽ സർവ്വീസ് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് വളരെ മന്ദഗതിയിലായതിനാൽ ഗവൺമെന്റും ബോർഡും ചേർന്ന് അലോട്ട്മെന്റ് റദ്ദു ചെയ്തു.

(സി) വിധി ന്യായത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഡി) ഹൈക്കോടതി സിംഗിൾബഞ്ച് വിധി ഗവൺമെന്റിന്റെയും ബോർഡിന്റെയും താല്പര്യത്തിന് വിരുദ്ധമായതിനാലാണ് അപ്പീൽ ഫയൽ ചെയ്തത്.

സെക്ഷൻ ഓഫീസുകൾക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണം

101 (253) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly